REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **അതിതീവ്ര മഴ സാധ്യത മുൻ നിർത്തി കണ്ണൂർ, വയനാട് , കോഴിക്കോട് , മലപ്പുറം ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത.**
- **അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകി.**
- **സൈബർ കുറ്റകൃത്യങ്ങളും നിർമ്മിത ബുദ്ധിയും ഉയർത്തുന്ന വെല്ലുവിളികളെ അവസരമായി കണ്ട് നേരിടാൻ പൊലീസിനോട് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **നാളെ ലോക ഭിന്നശേഷി ദിനം. രാഷ്ട്രപതി ദ്രൗപതി മുർമു ഭിന്നശേഷി ശാക്തീകരണ ദേശീയ അവാർഡുകൾ ഡൽഹിയിൽ സമ്മാനിക്കും.**
- **വളപട്ടണത്തെ വ്യാപാരിയുടെ വീട്ടിൽ നിന്ന് ഒരു കോടി രൂപയും മുന്നൂറ് പവനും കവർന്ന കേസിൽ പ്രതി പിടിയിൽ.**
- **സംസ്ഥാന ടെക്നിക്കൽ സ്കൂൾ കായിക മേളയിൽ കൊടുങ്ങല്ലൂർ ടെക്നിക്കൽ ഹൈസ്കൂൾ ഓവറോൾ ചാമ്പ്യന്മാർ.**

## വാർത്തകൾ വിശദമായി

അതിതീവ്ര മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് സംസ്ഥനത്തെ നാല് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നൽകി. അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, മൂന്നിടത്ത് മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്.

കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് ചുവപ്പ് ജാഗ്രത. കാസർഗോഡ്, പാലക്കാട്, തൃശൂർ, ഇടുക്കി, എറണാകുളം ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്.

ശക്തമായ മഴ സാഹചര്യത്തിൽ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ട - വാഗമൺ റോഡിൽ രാത്രികാലയാത്രയും ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളായ വാഗമൺ, ഇല്ലി ക്കൽ കല്ല്, മാർമല അരുവി, ഇലവീഴാ പൂഞ്ചിറ എന്നിവിട ങ്ങളിൽ പ്രവേശനവും ബുധനാഴ്ച്ച വരെ ജില്ലാ കളക്ടർ നിരോധിച്ചു.

പത്തനംതിട്ട ജില്ലയിൽ മലയോര മേഖലകളിലുൾപ്പെടെ മഴ തുടരുകയാണ്. ശക്തമായ മഴതുടർന്നാൽ കാനനപാത വഴി ശബരിമല തീർഥാടകരെ കയറ്റി വിടില്ല. പമ്പയിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ടെന്നും തീർത്ഥാടകർ നദിയിൽ ഇറങ്ങരുതന്നും ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു.

മലപ്പുറം ജില്ലയിൽ ക്വാറി പ്രവർത്തനങ്ങൽ വിലക്കി.. മണ്ണിടിച്ചിൽ സാധ്യതാ പ്രദേശങ്ങളിൽ വിനോദസഞ്ചാരം ഒഴിവാക്കണം. നദീതീരത്ത് താമസിക്കുന്ന എല്ലാവരും പ്രത്യേക ജാഗ്രത പാലിക്കണമെന്നും നിർദേശമുണ്ട്.

ഇന്ന് മുതൽ മൂന്ന് ദിവസം കേരള- ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട് .

സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത ഉണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

✪✪✪

കനത്ത മഴയുടെ പശ്ചാത്തലത്തിൽ അഞ്ച് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് കളക്ടർമാർ അവധി പ്രഖ്യാപിച്ചു. വയനാട്, ഇടുക്കി, കോട്ടയം, പത്തനംതിട്ട, കണ്ണൂർ ജില്ലകളിലെ പ്രൊഫഷണൽ കോളേജുകളും അങ്കണവാടി കളും ഉൾപ്പെടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കാണ് അവധി. നേരത്തെ നിശ്ചയിച്ച പൊതു പരീക്ഷകൾക്ക് മാറ്റം ഉണ്ടാകി ല്ലെന്നും അറിയിപ്പിൽപറയുന്നു.

✪✪✪

ഫെൻജൽ ചുഴലിക്കാറ്റിന്റെ സ്വാധീനത്തെ തുടർന്ന് തമിഴ്നാട്ടിലെ വില്ലുപുരം, തിരുവണ്ണാമലൈ, മയിലാടുതുറൈ, വെല്ലൂർ, റാണിപ്പേട്ട് ജില്ലകളിൽ കനത്ത മഴയെ തുടർന്ന് വെള്ളപ്പൊക്ക സാഹചര്യം രൂക്ഷമായി. തിരുവണ്ണാമലയിൽ ഉരുൾപ്പൊട്ടലിൽ കൂറ്റൻ പാറയും മണ്ണും രണ്ട് വീടുകൾക്ക് മുകളിൽ പതിച്ചു. പൂർണമായി തകർന്ന വീട്ടിൽ കുടുങ്ങിയവരെ കണ്ടെത്താൻ

രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്. പ്രദേശത്ത്നിന്ന് 50 പേരെ രക്ഷപ്പെടു ത്തി.

ഇരുട്ടും കനത്തമഴയും മൂലം രക്ഷാപ്രവർത്തനം തടസ്സ പ്പെട്ടതായി തിരുവണ്ണാമലൈ ജില്ലാ കളക്ടർ അറിയിച്ചു. NDRF, SDRF ടീമുകൾ രക്ഷാ പ്രവർത്തനം ആരംഭിക്കുമെന്ന് കളക്ടർ പറഞ്ഞു.

✪✪✪

സൈബർ കുറ്റകൃത്യങ്ങളും ഡിജിറ്റൽ തട്ടിപ്പുകളും നിർമ്മിത ബുദ്ധിയും ഉയർത്തുന്ന വെല്ലുവിളികളെ അവസരമായി കണ്ട് നേരിടാൻ പ്രധാനമന്ത്രി നരേന്ദ്രമോദി പൊലീസ് സേനയോട് ആവശ്യപ്പെട്ടു. അഭിലാഷ ഇന്ത്യക്കായി രാജ്യത്തെ നിർമ്മിത ബുദ്ധി ശേഷി ഉപയോഗപ്പെടുത്താനും അദ്ദേഹം പൊലീസിനെ ആഹ്വാനം ചെയ്തു. ഒഡീഷയിലെ ഭുവനേശ്വറിൽ പൊലീസ് മേധാവികളുടെ അഖിലേന്ത്യ സമ്മേളന സമാപന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

....വോയ്സ്.........

മൂന്ന് ദിവസത്തെ സമ്മേളനത്തിൽ ദേശീയ - അന്തർദേശീയ സുരക്ഷാ വെല്ലുവിളികൾ ചർച്ചയായതിൽ പ്രധാനമന്ത്രി സംതൃപ്തി അറിയിച്ചു. ആധുനിക കാലത്തെ സുരക്ഷാ വെല്ലുവിളികൾക്ക് ചർച്ചകളിൽ പ്രതിരോധ നടപടികൾ ഉരുത്തിരിഞ്ഞതായി അദ്ദേഹം വിലയിരുത്തി.

തന്ത്രപരവും സൂക്ഷ്മവും സ്വീകാര്യവും വിശ്വസനീയവും സുതാര്യവുമായ സ്മാർട്ട് പൊലീസിംഗ് മന്ത്രം സ്വീകരിക്കാൻ പ്രധാനമന്ത്രി പൊലീസ് സേനയോട് ആവശ്യപ്പെട്ടു. നഗര പൊലീസിങ്ങിൽ തുടങ്ങി വെച്ച സംരഭങ്ങളെ അദ്ദേഹം അനുമോദിച്ചു. ഇത്തരം സംരഭങ്ങൾ രാജ്യത്തെ പ്രധാന നൂറ് നഗരങ്ങളിലും നടപ്പാക്കണമെന്നും പ്രധാനമന്ത്രി നിർദേശിച്ചു. അദ്ധ്വാന ഭാരം കുറയ്ക്കാൻ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം. വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് പൊലീസ് ആധുനിക നയങ്ങൾ സ്വീകരിക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

മൂന്ന് ദിവസത്തെ സമ്മേളനം ഭീകരവാദം, സൈബർ കുറ്റകൃത്യങ്ങൾ, സാമ്പത്തിക സുരക്ഷ, തീര സുരക്ഷ, മയക്കുമരുന്ന് കടത്ത് എന്നിവയടക്കം വിഷയങ്ങൾ ചർച്ച ചെയ്തു. സമാപന ചടങ്ങിൽ രാഷ്ട്രപതിയുടെ പൊലീസ് മെഡലുകൾ പ്രധാനമന്ത്രി സമ്മാനിച്ചു.

✪✪✪

നാളെ ലോക ഭിന്നശേഷി ദിനം. രാഷ്ട്രപതി ദ്രൗപതി മുർമു ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ അവാർഡുകൾ ഡൽഹിയിൽ സമ്മാനിക്കും.

ഡെസ്ക് റിപ്പോർട്ട്....

......വോയ്സ്......

22 വ്യക്തികളും, 11 സ്ഥാപനങ്ങളും ഈ വർഷത്തെ ദേശീയ അവാർഡിന് അർഹരായിട്ടുണ്ട്. 100 ശതമാനം കാഴ്ച വൈകല്യം നേരിടുന്ന നിയമ വിദഗ്ധനായ അമർ ജെയിനും ലോക്കോമോട്ടർ ഡിസബിലിറ്റി നേരിടുന്ന പ്രതീക് ഖണ്ഡേൽവാളിനുമാണ് ഈ വർഷത്തെ സർവശ്രേഷ്ഠ ദിവ്യാംഗ്ജൻ അവാർഡിന് അർഹരായത്. ചടങ്ങിൽ ഭിന്നശേഷിക്കാർക്കായി നിരവധി ക്ഷേമ പദ്ധതികൾക്ക് കേന്ദ്ര മന്ത്രി ഡോ. വീരേന്ദ്ര കുമാർ തുടക്കമിടും.

അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നാളെ തൃശൂരിൽ മന്ത്രി ഡോ .R . ബിന്ദു നിർവ്വഹിക്കും. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സംസ്ഥാന ഭിന്നശേഷി അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്യും.

“ഭിന്നശേഷിക്കാരുടെ നേതൃത്വത്തെ സമഗ്രവും സുസ്ഥിരവുമായ ഭാവിക്കായി വർദ്ധിപ്പിക്കുക" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

രാജ്യത്ത് UPI ഇടപാടുകളുടെ എണ്ണം കഴിഞ്ഞ മാസം 16.58 ബില്യൺ മറി കടന്നതായി ധനമന്ത്രാലയം അറിയിച്ചു. 23.49 ലക്ഷം കോടി രൂപയുടെ ഇടപാടുകളാണ് ഇതിലൂടെ നടത്തിയത്. മുൻ വർഷം ഇതേ കാലയളവിലേക്കാൾ 45 ശതമാനത്തോളമാണ് വർദ്ധന.

✪✪✪

ഇന്ന് ദേശീയ മലിനീകരണ പ്രതിരോധ ദിനം. 1984 ഡിസംബർ രണ്ടിന് ഉണ്ടായ ഭോപ്പാൽ വിഷവാതക ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയ്ക്കായാണ് ഈ ദിനം ആചരിക്കുന്നത്. "ശുദ്ധവായു, ഹരിത ഭൂമി - സുസ്ഥിര ജീവിതത്തിലേക്ക് ഒരു ചുവട്" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

വ്യവസായ സൗഹൃദ അന്തരീക്ഷത്തിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണെന്ന് മന്ത്രി P. രാജീവ് പറഞ്ഞു. കണ്ണൂർ മാവിലായി റെയ്ഡ്കോ കറിപൗഡർ ഫാക്ടറിയിൽ ഉത്പന്നങ്ങളുടെ വിദേശകയറ്റുമതി ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ലോകത്തെ 139 രാജ്യങ്ങളിൽ മലയാളികളുണ്ടെന്നും അവിടെയെല്ലാം കേരളത്തിന്റെ ഉൽപ്പന്നങ്ങൾ എത്തിച്ചേരണമെന്നും മന്ത്രി പറഞ്ഞു. റെയ്ഡ്കോ ഉൽപ്പന്നങ്ങൾക്ക് കേരളത്തിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഓൺലൈൻ പ്ലാറ്റ്ഫോം K-ഷോപ്പി ഉപയോഗിക്കാനാകും.

ഒരു വർഷം ഒരുലക്ഷം സംരംഭകർ എന്ന ലക്ഷ്യം ഗവൺമെന്റ് മുന്നോട്ടുവച്ച് രണ്ടര വർഷം കഴിയുമ്പോൾ മൂന്നേകാൽ ലക്ഷം സംരംഭങ്ങൾ തുടങ്ങാനായി. ഇതിൽ ഒരു ലക്ഷത്തി 80നായിരം സംരംഭകർ സ്ത്രീകളാണെന്നും മന്ത്രി അറിയിച്ചു.

ആദ്യഘട്ടത്തിൽ UAEയിലേക്കും തുടർന്ന് ഖത്തർ, സൗദി അറേബ്യ, ഒമാൻ, ബഹറിൻ തുടങ്ങിയ മറ്റ് അറബ് രാജ്യങ്ങളിലേക്കുമാണ് റെയ്ഡ്കോ ഉത്പന്നങ്ങളുടെ കയറ്റുമതി.

✪✪✪

കേരള കോൺഗ്രസ് (M) മുന്നണി മാറുന്നുവെന്ന വാർത്തകൾ തെറ്റാണെന്നും LDFന്റെ അവിഭാജ്യ ഘടകമാണ് പാർട്ടിയെന്നും ചെയർമാൻ ജോസ് K മാണി വ്യക്തമാക്കി.

മുന്നണി മാറ്റവുമായി ബന്ധപ്പെട്ട് ആരുമായും ചർച്ച നടത്തിയിട്ടില്ലെന്നും മുന്നണിയെ ശക്തിപ്പെടുത്താനാണ് പാർട്ടി ശ്രമിക്കുന്നതെന്നും അദ്ദേഹം കോട്ടയത്ത് പറഞ്ഞു.

✪✪✪

കണ്ണൂർ വളപട്ടണത്തെ വ്യാപാരി അഷറഫിന്റെ വീട്ടിൽ നിന്ന് ഒരു കോടി രൂപയും മുന്നൂറ് പവനും കവർന്ന കേസിൽ പ്രതിയെ പൊലീസ് കസ്റ്റഡിയിൽ എടുത്തു. അഷ്റഫിന്റെ വീടിന് സമീപത്ത് താമസിക്കുന്ന ആളാണ് പിടിയിലായത്. പണവും ആഭരണങ്ങളും ഇയാളുടെ വീട്ടിൽ നിന്ന് കണ്ടെടുത്തതായാണ് വിവരം.സി.സി.ടി.വി. ദൃശ്യങ്ങളും വിരലട യാളങ്ങളും കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ പിടികൂടിയത്. അഷ്റഫിന്റെ വീടുമായി നല്ല ബന്ധമുള്ളയാളാണ് കവർച്ച നടത്തിയതെന്ന് പോലീസ് നേരത്തെ കണ്ടത്തിയിരുന്നു.

✪✪✪

എറണാകുളം ജനറൽ ആശുപത്രിക്ക് ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്താൻ ലൈസൻസ് ലഭ്യമായി. മന്ത്രി വീണാ ജോർജ്ജിന്റെ സാന്നിധ്യത്തിൽ തിരുവനന്തപുരത്ത് ലൈസൻസ് ആശുപത്രി സൂപ്രണ്ടിന് കൈമാറി. ഇതോടെ ഹൃദയം മാറ്റി വെക്കൽ ശസ്ത്രക്രിയ നടത്തുന്ന ആദ്യ ജില്ലാ തല ആശുപത്രിയായി എറണാകുളം ജനറൽ ആശുപത്രി മാറി.

✪✪✪

ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ ഗ്രാന്റ് മാസ്റ്റർ ഡി ഗുകേഷും ഇപ്പോഴത്തെ ലോക ചാമ്പ്യൻ ഡിങ് ലിറനും ആറാം റൗണ്ടിൽ സമനില പാലിച്ചു. സിംഗപ്പൂരിലെ മത്സരത്തിൽ തുടർച്ചയായ മൂന്നാം സമനിലയാണിത്. 14 റൗണ്ട് മത്സരങ്ങളിൽ ഏഴര പോയിന്റ് ആദ്യം നേടുന്നവരാണ് ലോക ചാമ്പ്യനാവുന്നത്. ഗുകേഷിനും ഡിങ് ലിറനും ഇപ്പോൾ മൂന്ന് പോയിന്റ് വീതമുണ്ട്.

✪✪✪

പാലായിൽ സമാപിച്ച സംസ്ഥാന ടെക്നിക്കൽ സ്കൂൾ കായിക മേളയിൽ കൊടുങ്ങല്ലൂർ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി. നാല് മീറ്റ് റെക്കോഡുൾപ്പടെ 11 സ്വർണവും, 4 വെള്ളിയും, 11 വെങ്കലവും നേടി 93 പോയിന്റോടെയാണ് കൊടുങ്ങല്ലൂർ ചാമ്പ്യന്മാരായത്. 63 പോയിന്റ് വീതം നേടി ഷൊർണൂർ, പാലക്കാട് ഗവ.THSകൾ റണ്ണർ അപ്പ് സ്ഥാനം പങ്കുവെച്ചു. സമാപന സമ്മേളനത്തിൽ മന്ത്രി VN വാസവൻ സമ്മാനങ്ങൾ വിതരണം ചെയ്തു.

✪✪✪

മലബാർ സഹോദയ CBSE ഫുട്ബോൾ അണ്ടർ-19, അണ്ടർ-14 വിഭാഗങ്ങളിൽ കോഴിക്കോട് ചേവായൂർ ഭാരതീയ വിദ്യാ ഭവൻ സ്കൂൾ ചാംപ്യൻമാരായി.

MES ചാത്തമംഗലത്തേയും MSS മാവിളിക്കടവിനേയും തോൽപ്പിച്ചാണ് ചേവായൂർ ജേതാക്കളായത്.

✪✪✪

ഇരുപതാം സംസ്ഥാന എക്സൈസ് കായിക മേള തേഞ്ഞിപ്പലം കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസ് ഗ്രൗണ്ടിൽ ആരംഭിച്ചു. മന്ത്രി MB രാജേഷ് ഉദ്ഘാടനം ചെയ്തു. 250 പോയിന്റുമായി രണ്ടാം ദിവസം തിരുവനന്തപുരം ജില്ല ഒന്നാം സ്ഥാനത്ത് നിൽക്കുന്നു. 129 പോയിന്റ് നേടി തൃശൂരാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

BJPയുടെ വളർച്ചയും CPIMന്റെ തളർച്ചയും രാഷ്ട്രീയ വിദ്യാർത്ഥികൾ പഠനവിധേയമാക്കണമെന്ന് BJP ദേശീയ നിർവ്വാഹക സമിതി അംഗം

PK.കൃഷ്ണദാസ് പറഞ്ഞു. യുവമോർച്ച ജില്ലാ കമ്മിറ്റി കോഴിക്കോട് സംഘടിപ്പിച്ച KT. ജയകൃഷ്ണൻ മാസ്റ്റർ ബലിദാന ദിന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകകയായിരുന്നു അദ്ദേഹം.

✪✪✪

CPI സംസ്ഥാന കൗൺസിൽ അംഗം M നാരായണൻ മാസ്റ്റർ നിര്യാതനായി. 70 വയസ്സായിരുന്നു. കോഴിക്കോട്ടെ  നന്തി സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. നാളീകേര വികസന കോർപ്പറേഷൻ മുൻ ചെയർമാൻ, പന്തലായനി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ഡയരക്ടർ, മൂടാടി സർവ്വീസ് സഹകരണ ബാങ്ക് ഡയരക്ടർ, കോഴിക്കോട് മെഡിക്കൽ കോളേജ് വികസന സമിതി അംഗം തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. സംസ്കാരം രാവിലെ നന്തിയിലെ മലയമ്മൽ വീട്ടുവളപ്പിൽ നടത്തും.

നാരായണൻ മാസ്റ്ററുടെ നിര്യാണത്തിൽ CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം അനുശോചനം അറിയിച്ചു.

✪✪✪